**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഐ.ടി. വകുപ്പിൽ താൽക്കാലിക, കരാർ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ, ഐ.ടി വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിൽ 517 കരാർ നിയമനങ്ങളും 33 താൽക്കാലിക നിയമനങ്ങളും 8 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടന്നിട്ടുണ്ട്. ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 1,85,42,931/- രൂപ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 8 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റുള്ള നിയമനങ്ങളിൽ 13 തസ്തികകളിൽ ഏജൻസി മുഖാന്തരവും ബാക്കിയുള്ള 537 തസ്തികകളിൽ പത്രപരസ്യം/അപേക്ഷ ക്ഷണിച്ചുമാണ് നടത്തിയത്. |

സെക്ഷൻ ഓഫീസർ